LIBRARY ARCHIVES Kerala Legislative Assembly

താമരശ്ശേരിയിൽ ഒരു ഫയർ സ്റ്റേഷൻ അനുവദിക്കണമെന്ന ആവശ്യത്തിൻമേൽ സ്വീകരിച്ച നടപടികൾ

93 [1568] ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്-വയനാട് റോഡിൽ താമരശ്ശേരിയിൽ ഒരു ഫയർ സ്റ്റേഷൻ അനുവദിക്കണമെന്ന ആവശ്യത്തിൻമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നു അറിയിക്കുമോ;

(ബി) വയനാട് ചുരത്തിൽ അപകടങ്ങൾക്ക് സാധ്യത കൂടുതലുള്ളത് കണക്കിലെടുത്ത് താമരശ്ശേരിയിൽ അടിയന്തിരമായി ഫയർ സ്റ്റേഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള മുൻഗണനാ ലിസ്റ്റിൽ താമരശ്ശേരി ഉൾപ്പെടുത്തിയിട്ടില്ല. നോംസ് പ്രകാരം മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമായാൽ അനുയോജ്യമായ സ്ഥലവും കെട്ടിടവും ആവശ്യമായ ഫണ്ടും ലഭിക്കുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ അനുവദിക്കുന്നതാണ്.

കൊണ്ടോട്ടിയിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കാൻ നടപടി

94 [1569] ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടിയിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കണമെന്ന ആവശ്യം പരിഗണിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) ഈ വർഷമെങ്കിലും ഇത് പ്രവർത്തനക്ഷമമായി കിട്ടുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ തുറക്കുന്നതിനായി തെരഞ്ഞെടുത്ത സ്ഥലങ്ങളുടെ മുൻഗണനാ ലിസ്റ്റിൽ കൊണ്ടോട്ടി ഉൾപ്പെടുത്തിയിട്ടില്ല. നോംസ് പ്രകാരം മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി അംഗീകരിക്കുന്ന മുറയ്ക്ക് അനുയോജ്യമായ സ്ഥലവും കെട്ടിടവും ആവശ്യമായ ഫണ്ടും ലഭ്യമായാൽ കൊണ്ടോട്ടിയിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.